6785
15/7/14

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പ് മുഖേന വിതരണം ചെയ്യുന്ന ഭവന നിർമ്മാണ ധനസഹായ തുക 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

**സ.ഉ. (കൈ) നം.42/2014/പജപവവിവ. തീയതി, തിരുവനന്തപുരം, 11.07.2014**

==========================================================================

പരാമർശം: 1. സ.ഉ. (കൈ) നം. 93/2011/പജപവവിവ. തീയതി 15.09.2011.

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 13.06.2013 ലെ ഡെവ. ബി2-15837/13 നമ്പർ കത്ത്.

## ഉത്തരവ്

പട്ടികജാതി വികസന വകുപ്പ് മുഖേന വിതരണം ചെയ്തിരുന്ന ഭവന നിർമ്മാണ ധനസഹായം പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപയിൽ നിന്നും 2 ലക്ഷമായി വർദ്ധിപ്പിച്ചിരുന്നു. നിർമ്മാണ സാമഗ്രികളുടെ വിലയിലുണ്ടാ പണിക്കൂലിയിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് ഭവന നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുന്നതിനും 2007-08 മുതൽ 2012-13 വരെ ധനസഹായം അനുവദിച്ചവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നൽകുന്നതിനും പരാമർശം (2) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഭവന രഹിത പുനരധിവാസ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വകുപ്പ് നൽകി വരുന്ന ഭവനനിർമ്മാണ ധനസഹായ തുക 2 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2007-08 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഭവനനിർമ്മാണ ധനസഹായം അനുവദിച്ചവരിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി ധനസഹായം അനുവദിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
അജയൻ സി.
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി & എസ്. സെക്ടർ) കേരള, തിരുവനന്തപുരം.
ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ